# വ്യവസായ കേരളം

36

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MARCH 2023


## പ്ലാന്റേഷൻ മേഖലയിൽ പുത്തനുണർവ്



കേരളത്തിലെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള ബ്രാൻഡ് ഉയർത്തുന്നതിനും സുപ്രധാന മേഖലകളെ ശക്തിപ്പെടുത്തുന്നതിനുമുള്ള കാഴ്ചപ്പാട് പങ്കുവച്ച് പ്ലാന്റേഷൻ ഡയറക്റ്ററേറ്റ് സംഘടിപ്പിച്ച നാലുദിവസത്തെ പ്ലാന്റേഷൻ എക്സ്പോയ്ക്ക് സമാപനം കുറിച്ചത് തോട്ടം മേഖലയുടെ ഭാവി സുഭദ്രം എന്ന ഉറപ്പോടു കൂടി. സംസ്ഥാനത്തുടനീളമുള്ള എസ്റ്റേറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചത്.

സംസ്ഥാന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 16 മുതൽ 19 വരെ തിരുവനന്തപുരം, കനകക്കുന്ന്, സൂര്യകാന്തി പ്രദർശന ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ നൂറ് സ്റ്റാളുകളിലായാണ് പ്ലാന്റേഷൻ എക്സ്പോ ഒരുക്കിയത്. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ആദ്യ ചുവടുവയ്പ് എന്ന നിലയിൽ സംഘടിപ്പിച്ച പ്ലാന്റേഷൻ എക്സ്പോ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ വ്യവസായ മേഖലയിലെ എംഎസ്എംഇകൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയിലേക്കും വ്യാപിപ്പിക്കുമെന്ന് ബഹു. മന്ത്രി ശ്രീ. പി.രാജീവ് എക്സ് പോ ഉദ്ഘാടന വേളയിൽ പ്രഖ്യാപിച്ചു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് വെബ്സൈറ്റും മെഷിനറി എക്സ്പോ 2023 ലോഗോയും ബഹു. മന്ത്രി പുറത്തിറക്കി. മെഷിനറി എക്സ്പോ 2023 ന്റെ ടീസർ ചടങ്ങിൽ അധ്യക്ഷത വഹിച്ച ബഹു. വട്ടിയൂർക്കാവ് എം.എൽ. എ ശ്രീ. വി.കെ. പ്രശാന്ത് പ്രകാശനം ചെയ്തു.

പ്ലാന്റേഷൻ മേഖല നിരവധി വെല്ലുവിളികളിലൂടെ കടന്നുപോകുകയാണെന്നും ഇതിനെ മറികടന്ന് മേഖലയെ പുനരുജ്ജീവിപ്പിക്കാൻ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിലൂടെ സാധിക്കുമെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ് സ്വാഗതപ്രസംഗത്തിൽ പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ പ്ലാന്റേഷൻ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ഇതു പരിഹരിക്കാനും മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനുമാകണമെന്ന് ഓൺലൈനായി മുഖ്യപ്രഭാഷണം നടത്തിയ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് പറഞ്ഞു.

പ്ലാന്റേഷൻ മേഖലയിൽ കൂടുതൽ വരുമാനം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും പ്ലാന്റേഷൻ എക്സ്പോയെ അടുത്തവർഷം ഗ്ലോബൽ എക്സ്പോ രൂപത്തിലേക്ക് കൊണ്ടുവരുമെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസറുമായ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ് പറഞ്ഞു. കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, റിയാബ് ചെയർമാൻ ഡോ. ആർ. അശോക്, അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള ചെയർമാൻ ശ്രീ. എ.കെ. ജലീൽ, വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർമാരായ ശ്രീ. കെ.സുധീർ, ശ്രീ. പി.എസ്. സുരേഷ്കുമാർ, കെബിപ് സി.ഇ.ഒ ശ്രീ. സൂരജ് എസ്. തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.





പ്ലാന്റേഷൻ എക്സ്പോ 2023

**വൈവിധ്യമാർന്ന തോട്ടം ഉത്പന്നങ്ങളുടെ**
**പ്രദർശന വിപണന മേള സന്ദർശിച്ചത് ആയിരങ്ങൾ**






സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത തോട്ടങ്ങൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള വ്യാപാരികൾ, വിതരണക്കാർ, സേവന ഉപകരണദാതാക്കൾ എന്നിവരാണ് എക്സ്പോയിൽ പങ്കെടുത്തത്. ഈ മേഖലയിലെ കേന്ദ്രസംസ്ഥാന സ്ഥാപനങ്ങളുടെ ഇൻഫർമേഷൻ കൗണ്ടറുകളും എക്സ്പോയിൽ ഉണ്ടായിരുന്നു. സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ 100 സ്റ്റാളുകളിലാണ് എക്സ്പോ ഒരുക്കിയത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരുന്നു.




# പി.എം എഫ്.എം.ഇ പദ്ധതിയിൽ 400 ലധികം ലോണുകൾ അനുവദിച്ചു

പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം. എഫ്.എം.ഇ.) നാലാമത് സംസ്ഥാനതല അവലോകന യോഗം തിരുവനന്തപുരത്ത് ചേർന്നു. പിഎം എഫ്എംഇ സ്റ്റേറ്റ് നോഡൽ ഡിപ്പാർട്ട്മെന്റിനെ (ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്) പ്രതിനിധീകരിച്ച് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സും സ്റ്റേറ്റ് നോഡൽ ഏജൻസിയും (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ) സംയുക്തമായാണ് അവലോകന യോഗം സംഘടിപ്പിച്ചത്. പി.എം എഫ്.എം.ഇ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരും (ഡിഎൻഒ) ജില്ലാ റിസോഴ്സ് പേഴ്സൺമാരും (ഡിആർപി) യോഗത്തിൽ പങ്കെടുത്തു. 400 ലധികം ലോണുകളാണ് ഇതിനോടകം പി.എം എഫ്.എം.ഇ പദ്ധതിയിൻ കീഴിൽ അനുവദിച്ചു നൽകിയത്.

2023 ഫെബ്രുവരി 23ന്, തിരുവനന്തപുരം ഹോട്ടൽ റസിഡൻസി ടവറിൽ നടന്ന ചടങ്ങിൽ വ്യവസായ വാണിജ്യ ഡയറക്ടറും പി.എം എഫ്.എം.ഇ കേരള നോഡൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് അദ്ധ്യക്ഷനായി. പി.എം എഫ്.എം.ഇ പദ്ധതിയുടെ വിവിധ ജില്ലകളിലെ പ്രകടന വിശകലനവും, മുന്നോട്ടു കൈക്കൊള്ളുന്ന നടപടിക്രമങ്ങളും, വിശദമായ ചർച്ചയും വ്യവസായ വാണിജ്യ അഡിഷണൽ ഡയറക്ടർ ശ്രീ. കെ. സുധീറിന്റെ നേതൃത്വത്തിൽ നടന്നു. സംസ്ഥാന തലത്തിൽ പിഎം എഫ്എംഇ സ്കീം നടപ്പിലാക്കുന്നതിന്റെ സ്ഥിതി വിവര കണക്കുകൾ സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ചീഫ് എക്സിക്യുട്ടീവ് ഓഫിസർ ശ്രീ. സൂരജ് എസ്. വിശദീകരിച്ചു. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. നജീബ് പി.എ. കെബിപ്പ് ജനറൽ മാനേജർ ശ്രീ. വാൻ റോയ് എസ്. എന്നിവർ സന്നിഹിതരായിരുന്നു.






ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ 2023 ഫെബ്രുവരി 20 മുതൽ 24 വരെ സംഘടിപ്പിച്ച ഗൾഫ് ഫുഡ് എക്സ്പോയിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ചു 10 സംരംഭകർ പങ്കെടുത്തു.




# ഇനിയും മുന്നോട്ട്; വ്യവസായ വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷ പദ്ധതികളുടെ ആസൂത്രണ യോഗം ചേർന്നു

2023-2024 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ ആസൂത്രണ കൂടിയാലോചനകൾക്കായി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിൽ യോഗം ചേർന്നു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ് അധ്യക്ഷനായ ചടങ്ങിൽ വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർമാരായ ശ്രീ. കെ.സുധീർ, ശ്രീ. പി.എസ്. സുരേഷ്കുമാർ എന്നിവരും സന്നിഹിതരായിരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജർമാരും ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നു. വരും നാളുകളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാനുമുള്ള പദ്ധതികൾക്ക് യോഗം ചർച്ച ചെയ്തു.

എന്റെ സംരംഭം നാടിന്റെ അഭിമാനം

**2022-23 സംരംഭക വർഷം**

**134,611**
പുതു സംരംഭങ്ങൾ

**8039.19**
കോടി രൂപയുടെ നിക്ഷേപം

**288,778**
തൊഴിലവസരങ്ങൾ

*as on February 28




# വ്യാവസായിക യന്ത്ര പ്രദർശനമേള കൊച്ചിയിൽ

**2023 മാർച്ച് 11 മുതൽ 14 വരെ**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ വ്യവസായ യന്ത്ര പ്രദർശന മേളയായ മെഷിനറി എക്സ്പൊ 2023' എറണാകുളത്ത് സംഘടിപ്പിക്കും. 2023 മാർച്ച് 11 മുതൽ 14 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിലാണ് എക്സ്പോ സംഘടിപ്പിക്കുന്നത്.

കാർഷികഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ്, പാക്കേജിംഗ് ഫാർമസ്യൂട്ടിക്കൽസ്, ആയുർവേദ ഹെർബൽ, പ്രിന്റിംഗ്, റബ്ബർ & പ്ലാസ്റ്റിക് തുടങ്ങിയമേഖലകളിലെ നൂതന യന്ത്രസാമഗ്രികളും സാങ്കേതികവിദ്യകളും മറ്റും എക്സ്പോ പ്രദർശിപ്പിക്കും. ഇതിന് പുറമെ കേരളത്തിലെ സൂക്ഷ്മചെറുകിട മേഖലയിലെ ഉൽപാദകർക്ക് അവർക്കാവശ്യമായ അത്യാധുനിക യന്ത്രോപരണങ്ങളും സാങ്കേതികവിദ്യയും മനസ്സിലാക്കാനും സ്വന്തമാക്കാനും മേളയിലൂടെ അവസരമൊരുക്കും.

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കുറഞ്ഞ സമയത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഉന്നതനിലവാരത്തിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ് പുതിയ കാലത്തിന്റെ അടയാളം. ഇതിന്റെ പ്രായോഗികതയും മറ്റ് വശങ്ങളും സംരംഭകർക്ക് മനസിലാക്കി നൽകുന്നതിനായി മെഷിനറികളുടെ തത്സമയ ഡെമോ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.